25

# ജാതികൾക്കിടയിലെ പൗലൊസിന്റെ മിഷ്ണറി യാത്ര

## എ.ഡി. 45- 58 (പ്രവൃത്തികൾ 13- 21:26)

### I. ആദ്യ സന്ദർശനം. (പ്രവൃത്തികൾ 13, 14.)

1. **മിഷ്ണറി ആവേശം.** – ഒരു വർഷം ബർന്നബാസും ശൗലും ഒരുമിച്ചു അന്ത്യോക്യയിൽ പ്രവർത്തിച്ചു. സഭ അംഗസംഖ്യയിൽ ക്രമാതീതമായി വർദ്ധിച്ചു, പിന്നെ, അതിലുപരിയായി, ആത്മിയമായും വളർന്നു. യെരുശലേമിലുള്ള യെഹൂദ സഹോദരന്മാരുടെ ഉതവിക്കായി ധർമ്മവുമായി ശൗലിനേയും ബർന്നബാസിനേയും യെരുശലേമിലേക്ക് അയച്ചു (പ്രവൃത്തികൾ 11:27–30). അവിടെ ഉപദേഷ്ടാക്കന്മാർ ധാരാളമുായിരുന്നു (പ്രവൃത്തികൾ 13:1), അവരിൽ ബർന്നബാസിന്റെ പേർ ആദ്യവും ശൗലിന്റെ പേർ അവസാനവുമാണ് വരുന്നത്. അവരുടെ ഹൃദയങ്ങളിൽ സുവിശേഷീകരണത്തിന്റെ വിസ്തൃതമായ വ്യാപ്തി ഉായിരുന്നു; കാരണം "അവർ കർത്താവിനെ ആരാധിച്ചും, ഉപവസിച്ചും കൊിരുന്നപ്പോൾ, ഞാൻ ബർന്നബാസിനേയും ശൗലിനേയും വിളിച്ചിരിക്കുന്ന വേലക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു, പരിശുദ്ധാത്മാവു പറഞ്ഞു."[1] പുറമെ ഉായ ഉപദ്രവത്താൽ യെരുശലേം ഒരു മിഷ്ണറി കേന്ദ്രമായിതീർന്നു; അതേസമയം അന്ത്യോക്യ പരിശുദ്ധാത്മാവിന്റെ ആന്തരികപ്രചോദനത്താലുമാണ്.

2. **കുപ്രൊസ് സന്ദർശനം.** – ആദ്യം തിരഞ്ഞെടുത്ത സ്ഥലം കുപ്രൊസ് ആയിരുന്നു, ബർന്നബാസിന്റെ ജന്മസ്ഥലവും, കാഴ്ച്ചയിൽ മുഖ്യമായും കരപ്രദേശവുമായിരുന്നു. മർക്കൊസ് എന്നു പേരുള്ള യോഹന്നാൻ, അവരോടുകൂടെ യെരുശലേമിലേക്കു വന്നിരുന്നു (പ്രവൃത്തികൾ 12:25), അവൻ മിഷ്ണറിമാരോടൊപ്പം അനുഗമിച്ചിരുന്നു. ദേശത്തിന്റെ കിഴക്കുള്ള, പഴയ ഗ്രീക്കു തലസ്ഥാനമായ, സലമിസിൽ പ്രസംഗിച്ചശേഷം, അവർ പടിഞ്ഞാറുള്ള, റോമാ തലസ്ഥാനമായ, പാഫൊസിലേക്കു പോയി. അവിടുത്തെ റോമൻ നാടുവാഴി, സെർഗ്ഗ്യോസ് പൗലൊസ്, ഒരു വിശ്വാസിയായിതീർന്നു. അയാളുടെ പരിവർത്തനത്തെ ഒരു കള്ളപ്രവാചകനായിരുന്ന ബർ-യേശു തടഞ്ഞു. ഈ അവസരത്തിൽ നേതൃത്വം ശൗൽ ഏറ്റെടുത്തു. ദൈവശ്വാസിയബോധ്യത്താലും അപ്പോസ്തലിക അധികാരത്താലും, അവൻ ആ കള്ളപ്രവാചകന്റെ നേരെ തിരിഞ്ഞു അവനെ നിശിതമായി ശകാരിച്ചു, ആ കപടവേഷധാരി ഉടനെ അന്ധനായി തീരട്ടെ എന്ന ദൈവിക വിധിയുമുായി. ആ നിമിഷം മുതൽ ശൗൽ പൗലൊസ് ആയി മാറുകയും, അംഗീകാരമുള്ള ഒരദ്ധ്യക്ഷനാകുകയും ചെയ്തു.

3. **ആസ്യ ഭൂഖണ്ഡത്തിലെ സന്ദർശനം.** – മിഷ്ണറിമാർ പിന്നെ തിരിഞ്ഞതു ആസ്യ ഭൂഖണ്ഡത്തിലേക്കാണ്. നിരവധി വർഷം പൗലൊസ് തന്റെ ജന്മസ്ഥലമായ കിലിക്യയിലായിരുന്നു. ഇപ്പോൾ സന്ദർശിക്കുന്ന ഭാഗം കിലി

ക്യയുടെ വടക്കുപടിഞ്ഞാറുഭാഗമാണ്. പെർഗാതുറമുഖത്ത് വെച്ച്, മർക്കൊസ് തന്റെ വേല വിട്ട്, യെരുശലേമിലേക്കു മടങ്ങിപ്പോയി. പൗലൊസും ബർന്നബാസും മലയോര ജില്ലകളിലൂടെ കടന്നു, "നദികളിലെ ആപത്തും കള്ളന്മാരാലുള്ള ആപത്തും സ്വന്തജനത്താലുള്ള ആപത്തും, സഹോദരന്മാരാലുള്ള ആപത്തും നേരിട്ടു'' (2 കൊരി. 11:26). അവർ പിസിദ്യയിലെ അന്ത്യോക്യാ, ഇക്കോന്യ, ലുസ്ത്ര, ദർബ്ബ എന്നീ സ്ഥലങ്ങളിൽ വിജയകരമായി സന്ദർശനം നടത്തുകയും തിരിച്ചുപോകയും ചെയ്തു. അന്ത്യോക്യയിൽ, പള്ളിയിൽവെച്ച് പൗലൊസ് തന്റെ വിശദമായ ആദ്യത്തെ പ്രസംഗം നടത്തി. യെഹൂദന്മാരുടെ സംഘം അവനെ തള്ളിക്കളഞ്ഞതുകൊ്, അവൻ ജാതികളിലേക്കു തിരിഞ്ഞു. "ആദ്യം യെഹൂദനും പിന്നെ യവനനും" (റോമർ 1:16),– അതായിരുന്നു എല്ലായിടത്തേയും ക്രമം. അവരുടെ പ്രവർത്തനങ്ങളിലെല്ലാം കഷ്ടതകളും പരിവർത്തനങ്ങളും ധാരാളം ഉായിരുന്നു. ലുസ്ത്രയിൽ പൗലൊസ്, ഒരു മുടന്തനെ സൗഖ്യമാക്കി, അവിടത്തെ അന്ധവിശ്വാസികളായിരുന്ന ആളുകൾ അവർ ദേവന്മാരെന്നു വിചാരിച്ച് അവരെ ആരാധിക്കുവാൻ ശ്രമിച്ചു, പിന്നെ, യെഹൂദന്മാരുടെ ദുഷ്പ്രേരണയാൽ അവർ ഇക്കോന്യയിലേക്കു പോയി, പൗലൊസിനെ കല്ലെറിഞ്ഞു മരിച്ചു എന്നു കരുതി വിട്ടിട്ടുപോയി. പിന്നെ അവർ, പുതിയ ലോകം കത്തിയ സന്തോഷത്തോടെ, അന്ത്യോക്യയിലേക്ക് തിരിച്ചു പോയി സംഭവിച്ചതെല്ലാം അവരോടു വിവരിച്ചു.

### II. രാം സന്ദർശനം. (പ്രവൃത്തികൾ 16-18:22.)

**1. ഇടവേള; യെരുശലേം ആലോചനാ സമിതി.** – പുതിയ നിബന്ധനകൾ പുതിയ ചോദ്യങ്ങളുയർത്തി. യെഹൂദ ഘട്ടത്തിൽ സഭ പെട്ടെന്നു വളർന്നു. എന്നാൽ യെഹൂദക്രിസ്ത്യാനികൾ സുവിശേഷത്തെ സർവ്വദേശീയമാക്കുന്നതിൽ മന്ദമായിരുന്നു. ജാതികൾ സുവിശേഷം അനുസരിച്ചു സഭയിൽ പ്രവേശിക്കുന്ന പ്രശ്നം കൊർന്നെല്യോസിന്റെ സംഭവത്താൽ പരിഹരിക്കപ്പെട്ടു. എന്നാൽ അവർ പരിഛേദന ഏറ്റു യെഹൂദന്മാരാകേ? ക്രിസ്ത്യാനിത്വം യെഹൂദമതം നവീകരിച്ചതല്ലേ? അങ്ങനെ അവരെ തൃപ്തിപ്പെടുത്തേതിന്നു ചിലർ യെരുശലേമിൽനിന്നു അന്ത്യോക്യയിലേക്കു വന്നു. ചോദ്യം ഗൗരവമായ ഒന്നായിരുന്നു; അതു അന്ത്യോക്യാസഭയുടെ സമാധാനം തകർക്കുന്നതും, സഭാ മിഷ്ണറി പ്രവർത്തനങ്ങളെയും മുഖ്യമായി ബാധിക്കുമെന്ന നിലയിലെത്തി. അതുകൊ് ആ ചോദ്യവുമായി പൗലൊസിനെയും ബർന്നബാസിനെയും യെരുശലേമിലേക്ക് അയച്ചു. യാക്കോബ് അദ്ധ്യക്ഷനായ, കൂടിയാലോചനാസമിതിയിൽ, പത്രൊസും പൗലൊസും ബർന്നബാസും പങ്കെടുത്തു, ആ ചോദ്യം സ്വാതന്ത്ര്യമുള്ളതാണെന്നു തീരുമാനിച്ചു. അതല്ലാതെ മറിച്ച് ഒരു തീരുമാനം എടുത്തിരുന്നെങ്കിൽ, ക്രിസ്ത്യാനിത്വം മുളയിലേ ഇല്ലാതാകുമായിരുന്നു.

**2. പൗലൊസും ബർന്നബാസും തമ്മിലുള്ള വാദം.** – തങ്ങൾ ആരംഭിച്ചതായ സഭകളെ എല്ലാം വീും ഒന്നുകൂടെ സന്ദർശിക്കണമെന്ന ആലോചന, പൗലൊസ് ബർന്നബാസിനോടു പറഞ്ഞു. ബർന്നബാസിനു കൂടെ തന്റെ ശേഷക്കാരനായ, മർക്കൊസിനെ കൂട്ടണം (കൊലൊ. 4:10), വീും; എന്നാൽ ആദ്യം അവൻ വിട്ടുപോയതുകൊ് അവനെ കൂട്ടുവാൻ പൗലൊസിനു സമ്മതമായില്ല. വാദം മൂർച്ചയേറി പൗലൊസും ബർന്നബാസും വേർപി

രിഞ്ഞു. പിന്നീട് മർക്കൊസ് പൗലൊസിന്റെ വിശ്വാസം ആർജിക്കയും അവനെ പൊലൊസ് യഥാസ്ഥാനപ്പെടുത്തുകയും ചെയ്തത് സന്തോഷപ്രദമാണ് (2 തിമൊ. 4:11).

**3. ആസൃഭൂഖണ്ഡത്തിലേക്കുള്ള രാം സന്ദർശനം.** – കൂടിയാലോചനക്കുശേഷം പൗലൊസും ബർന്നബാസും മടങ്ങിവരുമ്പോൾ, ശീലാസ് അവരെ അനുഗമിച്ചിരുന്നു. തന്റെ സഹയാത്രികനായി പൗലൊസ് അവനെ തിരഞ്ഞെടുക്കുകയും, കര മാർഗം സിറിയ കിലിക്യാ, എന്നീ സ്ഥലങ്ങൾ വഴി സഭകളെല്ലാം വീും സന്ദർശിക്കയും ചെയ്തു. ലുസ്ത്രയിൽ വെച്ച് തിമൊഥെയൊസ് എന്ന ഒരു യുവശിഷ്യനെ കുമുട്ടി. അവന്റെ അപ്പൻ യവനനായിരുന്നു; എന്നാൽ അവനെ മതപരമായി വളർത്തിയത്, അവന്റെ യെഹൂദ അമ്മയായിരുന്ന യൂനീക്കയും, വെല്യമ്മ ലൂയിസും, ആയിരുന്നു (2 തിമൊ. 1:5). പൗലൊസിന്റെ ആദ്യത്തെ സന്ദർശനത്തിലായിരുന്നു അവൻ പൗലൊസിനാൽ പരിവർത്തനം ചെയ്യപ്പെട്ടത് എന്നു സംശയരഹിതമായി പറയാം, ലുസ്ത്രയിലെ അവന്റെ കഷ്ടാനുഭവത്തിനു അവൻ സാക്ഷിയുമായിരുന്നു. സ്വയം-ത്യജിക്കുന്ന പൗലൊസിന്റെ ജോലിയിൽ കൂടെ യുവാക്കളെ നിർത്തുന്ന ശക്തമായ സ്വഭാവം പൗലൊസിനുായിരുന്നു; ആ സമയം മുതൽ തിമൊഥെയൊസ് പൗലൊസിനോടു അടുപ്പമുള്ള ഒരു സഹ-പ്രവർത്തകനായി തീർന്നു.

മുൻപു ആരംഭിച്ച സഭകൾ വീും സന്ദർശിക്കുക എന്നതിനപ്പുറമായി പൗലൊസിനു ഇപ്പോൾ പുതിയ പദ്ധതികളു്; അതുകൊ് അവൻ ആത്മാക്കളെ കീഴ്പ്പെടുത്തേതിന്നു ഫ്രുഗ്യ ഗലാത്യ എന്നീ പുതിയ സ്ഥലങ്ങളിലേക്കു പോയി. അവന്റെ പദ്ധതിയേക്കാൾ വിശാലമായ പദ്ധതി അവനെക്കൊു ചെയ്യിക്കുവാൻ ദൈവത്തിനു പദ്ധതിയുായിരുന്നു; കാരണം, ഇടത്തോട്ടും, വലത്തോട്ടും പോയ അവനെ, ത്രോവാസിലേക്കു നയിച്ചു. അവിടെ വെച്ചു, മക്കെദൊന്യക്കാരനായ ഒരു മനുഷ്യൻ അവനോടു ഇങ്ങനെ പറയുന്ന ഒരു ദർശനം കു, "ഇവിടെ വന്നു *ഞങ്ങളെ* സഹായിക്കുക."[2] പൗലൊസ് ത്രോവാസിലായിരുന്നപ്പോൾ അത് അവനെ വിഷമത്തിലാക്കി. ശക്തമായ ഭൂതകാലത്തോടുകൂടി, പിന്നിൽ ആസ്യയു്; അവനു മുന്നിൽ യൂറോപ്പായിരുന്നു; അതിനോടു ചേർന്നു തെക്കെ അറ്റത്തു, അന്നത്തെ സർവ്വശക്തിയുമായിരുന്ന റോമായിരുന്നു; വടക്കും പടിഞ്ഞാറുമായി മാറി ദൂരെ ശക്തമായ ഭാവിയുള്ള അപരിഷ്കൃതരാണ്. "നിങ്ങളുടെ തോക്കുകൾ യൂറോപ്പിലേക്കു തിരിക്കുക. ഭാവിയെ കീഴടക്കുക."

**4. യൂറോപ്പിൽ സുവിശേഷം നട്ടു; ആരംഭം ഫിലിപ്പിയിലായിരുന്നു.** – ത്രോവാസിൽ, പൗലൊസിനോടുകൂടെ ലൂക്കൊസും ചേർന്നു, കാരണം സംഭവം വിവരിക്കുന്നതിൽ "ഞങ്ങൾ" എന്നു പറഞ്ഞിരിക്കുന്നു. നെയാപൊലിസിലേക്കു സമുദ്രയാത്ര ചെയ്ത്, ആ ജില്ലയുടെ മുഖ്യപട്ടണമായ, ഫിലിപ്പിയയിലേക്കു നീങ്ങി. ഫിലിപ്പിയ ഒരു വ്യാപാരകേന്ദ്രമായിരുന്നില്ല, മറിച്ച്, സൈനിക പട്ടണമായിരുന്നു, പിന്നെ കുറച്ചു യെഹൂദന്മാരുമാണുായിരുന്നത് അതുകൊ് പള്ളി ഒന്നും ഉായിരുന്നില്ല. എന്നാൽ ശനിയാഴ്ച്ച സ്ത്രീകളുടെ ഒരു പ്രാർത്ഥനായോഗം പുഴ-യരികെ നടന്നിരുന്നു, അതിൽ പൗലൊസ് പങ്കെടുത്തിരുന്നു. പുഴ-യരികെ നടന്ന ആ പ്രാർത്ഥനാ-യോഗത്തിലാണ് ക്രിസ്ത്യാനിത്വം യൂറോപ്പിൽ ആരംഭിക്കുന്നത്, രക്താംബരം വില്ക്കുന്ന ലുദിയ ആയിരുന്നു ആദ്യഫലം. ഭൂതബാധിതയായ ഒരു

പെൺകുട്ടിയുടെ ആവശ്യപ്പെടാതെയുള്ള പരസ്യമാണ് ആ തെരുവീഥിയിലൂടെ മിഷ്ണറിമാർക്ക് ലഭിച്ചത്. അവളിലുള്ള ഭൂതത്തെ പുറത്താക്കിയപ്പോൾ, അവളുടെ യജമാനന്മാരുടെ ലാഭം ഇല്ലാതാകുകയും, പൗലൊസിനെയും ശിലാസിനെയും നിയമവിരുദ്ധ ആചാരങ്ങൾ കൊുവന്നു എന്ന കുറ്റം ചുമത്തി ചാട്ടവാറുകൊ ടിപ്പിച്ച് തടവിലാക്കി. രാത്രിയിലെ അവരുടെ പാട്ടുകളും, തടവു വാതിലുകൾ തുറക്കപ്പെടുവാൻ ഇടയാക്കിയ ഭൂകമ്പവും, ജാതിയിൽപ്പെട്ട കാരാഗൃഹപ്രമാണിയെ അവർക്കു മുമ്പിൽ മുട്ടുകുത്തിച്ചു; നേരം വെളുക്കുന്നതിനുമുമ്പു അവനും അവന്റെ ഭവനം ഒക്കെയും സ്നാനം ഏറ്റു വിശ്വാസികളായി തീർന്നതിൽ സന്തോഷിക്കയും ചെയ്തു.

**5. ഫിലിപ്പിയയിൽനിന്നു അഥേനയിലേക്ക്.** – അവിടത്തെ ശൈശവസഭയെ നോക്കുവാൻ ലൂക്കൊസിനെയും, ഒരുപക്ഷെ, തിമൊഥെയൊസിനെയും, അവിടെ വിട്ടിട്ട്, അവർ അദ്രിയാത്യ കടലും കരിങ്കടലും സന്ധിക്കുന്ന *ഇഗ്നാത്യ വഴി*, പടിഞ്ഞാറോട്ട് സഞ്ചരിച്ചു. അംഫിപൊലിയും അപ്പൊല്ലൊനിയയും കടന്നു, അവർ തെസലൊനിക്യയിലെത്തി, അതു മക്കെദൊന്യയുടെ മെത്രൊപോലിറ്റൻ നഗരമായിരുന്നു. അവിടെ പൗലൊസ്, “തന്റെ രീതി അനുസരിച്ച്,”[3] പല ശബ്ബത്തുകൾക്കുവേി ക്രിസ്തുവിനെ പള്ളികളിൽ പ്രസംഗിച്ചു. കുറച്ചു യെഹൂദന്മാരും വളരെയധികം യവനന്മാരും വിശ്വസിച്ചു; എന്നാൽ അവിശ്വാസികളായ യെഹൂദന്മാർ എല്ലായ്പ്പോഴുമുള്ള അവരുടെ രീതിയനുസരിച്ച്, ഉപദ്രവത്തിന്റെ കൊടുങ്കാറ്റ് അഴിച്ചു വിടുകയും, മിഷ്ണറിമാർ ബെരോവയിലേക്ക് ഓടിപ്പോകയും ചെയ്തു. ബെരോവയിലുള്ള യെഹൂദക്രിസ്ത്യാനികൾ തെസലൊനിക്യയിലുള്ളവരേക്കാൾ ഉത്തമന്മാരായിരുന്നു, അവർ വചനം കേൾക്കുകമാത്രം ചെയ്യാതെ അതങ്ങനെ തന്നെയോ എന്നു തിരുവെഴുത്തുകളെ ദിനമ്പ്രതി ശോധന ചെയ്തുവന്നു. ഫലമോ, യെഹൂദന്മാരിലും യവനന്മാരിലും, അനേകം പേർ പരിവർത്തനം ചെയ്യപ്പെട്ടു. ശ്രേഷ്ഠമായ ഉദ്ദേശത്തിനായി, തെസലൊനൊനിക്യയിലെ ക്രിസ്ത്യാനികൾ പൗലൊസിനെ ബെരോവയിലെത്തിച്ചു. കടലിലേക്കു പോകുമ്പോൾ, പൗലൊസ് അഥേനയിലേക്ക് സമുദ്രയാത്ര നടത്തി.

**6. പൗലൊസ് അഥേനയിൽ.** – അഥേന ഒരിക്കലും സുവ്യക്തമായി ചിരസമ്മതമായ രീതിയിൽ ക്രിസ്ത്യാനിത്വത്തിൽ പങ്കെടുത്തിരുന്നില്ല. എങ്കിലും പുരാതന മഹത്വങ്ങളുടെ കേന്ദ്രമായ സ്ഥലം ഇപ്പോൾ ക്രൂശിന്റെ ആത്മീയ മഹത്വം ആദ്യമായി കുമുട്ടുവാനിടയായി. അഥേനയിൽവെച്ച് തന്നോടു ചേരുവാനായി പൗലൊസ് ശിലാസിനെയും തിമൊഥെയൊസിനെയും വിവരം അറിയിച്ചിരുന്നു. അതിനിടക്ക് അവിടെ വിഗ്രഹങ്ങൾ കു അവന്റെ മനസു ചൂടുപിടിച്ചിരുന്നു, അങ്ങനെ പൗലൊസ് ആ പുതിയ വിശ്വാസം പള്ളികളിലും അഗോരയിലും, പരസ്യമായി പട്ടണത്തിൽ ആളുകൾ കൂടുന്ന സ്ഥലത്തും പ്രസംഗിച്ചു. ചില തത്വജ്ഞാനികളുടെ ആകാംക്ഷ ആവേശമായി മാറി, അവർ പൗലൊസിനെ അഥേനയുടെ ആരാധ്യസ്ഥലമായ, അരയോപകകുന്നിലേക്ക് കൊുപോയി. പൗലൊസ് അവിടെവെച്ച്, ഏറ്റവും ശക്തമായതും, നമുക്ക് കിട്ടിയിരിക്കുന്ന രാമത്തേതുമായ, പ്രസംഗം നടത്തി. ഒന്നാമത്തേതും രാമത്തേതുമായി അമ്പരപ്പിക്കുന്ന വ്യത്യാസമു് (പ്രവൃത്തികൾ 13:16–41), ദേശിയ ചരിത്രത്തിലും ശ്രേഷ്ഠമായ പ്രവചനങ്ങളിലും അഭിമാനം കൊിരുന്ന യെഹൂദന്മാരോടായിരുന്നു അന്ത്യോക്യയിലെ പള്ളിയിൽ ആദ്യം പ്രസംഗിച്ചത്, എന്നാൽ രാമത്തേത്, എല്ലാ കാല

ത്തെയും അത്ഭുതകലയുടേയും യവനസംസ്ക്കാരത്തിന്റെ മാറ്റൊലിയുള്ള അഥേനയിലെ അരയോപകകുന്നിൽ വെച്ചായിരുന്നു. സമീപനരീതിയിലും വാദത്തിലും വ്യത്യാസം ഉായിരുന്നുവെങ്കിലും, അവസാനം രും എത്തിചേർന്നതു – ക്രൂശിക്കപ്പെട്ട ക്രിസ്തുവും, ക്രിസ്തുവും പുനരുത്ഥാനവും പ്രസംഗിക്കുന്നതിലായിരുന്നു. യെഹൂദന്മാർ തങ്ങളുടെ പാരമ്പര്യത്തെ മുറുകെ പിടിച്ചിരുന്നതുപോലെ അഥേനക്കാർ തങ്ങളുടെ സംസ്ക്കാരത്തെ മുറുകെ പിടിച്ചിരുന്നു. എങ്ങനെയായാലും, കുറെ പേർ ക്രിസ്തുവിനെ സ്വീകരിച്ചു, അവരിൽപെട്ടവരായിരുന്നു, അരയോപകകോടതിയിലെ ന്യായാധിപനായിരുന്ന ഡയോനീസിയസും, ഒരു സ്ത്രീയായിരുന്ന, ദമരീസും. പ്രവൃത്തികൾ 17:15, 16–ഉം 1 തെസ. 3:1–ഉം താരതമ്യം ചെയ്താൽ, തിമൊഥെയൊസ് അഥേനയിൽവെച്ച് പൗലൊസിനോടു ചേരുകയും, അവനെ തെസലൊനിക്യയിലേക്ക് അയക്കുകയും ചെയ്തു എന്നു വ്യക്തമാകും. പൗലൊസിനു ഉപദ്രവം ഏല്ക്കാതിരുന്ന ചുരുക്കം ചില പട്ടണങ്ങളിൽ ഒന്നായിരുന്നു അഥേന; പക്ഷെ അതു അധികഫലം കിട്ടാതിരുന്ന സ്ഥലമാകയാൽ, അവൻ അവിടെനിന്നു കൊരിന്തിലേക്കു പോയി.

**7. പൗലൊസിന്റെ കൊരിന്തിലെ ദീർഘകാല താമസം.** – പൗലൊസിന്റെ കാലത്ത് അഥേന ബോസ്റ്റൺ പോലെയും, കൊരിന്ത് ഗ്രീസിന്റെ ന്യൂയോർക്കും, ആയിരുന്നു. ഭയന്നു വിറച്ചുകൊാണ് പൗലൊസ് ആ വ്യാപാരകേന്ദ്രമായ പട്ടണത്തിൽ പ്രവേശിച്ചത് (1 കൊരി. 2:3). അഥേനയിലെ താരതമ്യേന ഫലം ലഭിക്കാത്ത ക്ഷീണത്തിലായിരുന്നു പൗലൊസ്. അവൻ പണമൊന്നുമില്ലാതെ ഏകനായിരുന്നു. തന്റെ ദൈനന്തിന ഉപജീവനത്തിനു അവൻ തന്റെ കൂടാരപ്പണിയിലേർപ്പെട്ടു. സ്നേഹിതന്മാരെ കത്തെുവാനും സൗഹൃദം സ്ഥാപിക്കുവാനും പൗലൊസിനു അധികം നാൾ വേിവന്നില്ല. അവന്റെ അതേ തൊഴിലിൽ ഏർപ്പെട്ടിരുന്ന പൊരുത്തപ്പെടാവുന്നവരായ, പ്രിസ്കില്ലയെയും അകില്ലയെയും കത്തെി, അവർ മുമ്പ് ശിഷ്യന്മാരായിരുന്നില്ലെങ്കിൽ, അവർ അങ്ങനെ ആയി തീർന്നു. ആ ആഴ്ച്ച മുഴുവൻ അവരോടുകൂടെ പ്രവർത്തിച്ചശേഷം, ശബ്ബത്തിൽ അവൻ പള്ളിയിൽ പ്രസംഗിക്കയുായി. ഫിലിപ്പിയയിൽനിന്നുള്ള ധർമ്മവുമായി, ശിലാസും തിമൊഥെയൊസും വന്നപ്പോൾ, അവൻ സ്വതന്ത്രനാകുകയും, ഒന്നര വർഷത്തോളം ശക്തമായി മുഴുവൻ സമയ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്തു (*ഒ.വാ.* പ്രവൃത്തികൾ 18:5, 9, 10; ഫിലി. 4:15). തിമൊഥെയൊസ് വന്ന ഉടനെ അവൻ തെസലൊന്യകൃർക്കുള്ള ആദ്യ ലേഖനം എഴുതി (1 തെസ. 3:6), കുറെ കഴിഞ്ഞ് രാം ലേഖനം എഴുതുകയുമുായി. നമുക്ക് കിട്ടിയിരിക്കുന്ന പൗലൊസിന്റെ ആദ്യലേഖനങ്ങൾ ഇവയാണ്.

**8. അന്ത്യോക്യയിലേക്ക് മടങ്ങി വരുന്നു.** – അകില്ലയോടും പ്രിസ്കില്ലയോടുമൊപ്പം കൊരിന്തിലെ ഇസ്ത്മസ് വഴി കെങ്ക്രയിലേക്ക് കടന്നു, പൗലൊസ് കടൽമാർഗം എഫെസൊസിലേക്ക് പോയി. അവിടെ അവൻ പള്ളികളിൽ പ്രസംഗിച്ചതു അവർക്കു പ്രചോദനമാകുകയും അവനോടു അവിടെ തങ്ങുവാനാവശ്യപ്പെടുകയുമുായി; എന്നാൽ, മടങ്ങിവരാമെന്ന ഉറപ്പുനല്കി, അവൻ പെട്ടെന്നു കൈസര്യയിലേക്കു പോയി, അവിടെനിന്നു അന്ത്യോക്യയിലേക്കും പോയി. അങ്ങനെ പൗലൊസിന്റെ രാമത്തെ വിശാലമായ സന്ദർശനങ്ങൾ അവസാനിച്ചു. താല്പര്യം യൂറോപ്പിലേക്കു മാറ്റുകയും, ഒടുവിൽ റോമിൽ കേന്ദ്രീകരിക്കയും ചെയ്തു.

## III. മൂന്നാമത്തെ സന്ദർശനം. (പ്രവൃത്തികൾ 18:23-21:26.)

**1. എഫെസൊസിലെ പൗലൊസിന്റെ മൂന്നു വർഷം.** – കുറെ സമയം അന്ത്യോക്യയിൽ ചെലവഴിച്ചശേഷം, ആ വലിയ മിഷ്ണറി സഭയിൽ നിന്നു പൗലൊസ് വിടവാങ്ങി. അവന്റെ ശ്രദ്ധ പിന്നെ തിരിഞ്ഞതു എഫെസൊസിലേക്കായിരുന്നു. മൂന്നാമത്തെ സന്ദർശനത്തിന്റെ കേന്ദ്രശ്രദ്ധ അതായിരുന്നു. അതു നല്ല ഒരു തിരഞ്ഞെടുപ്പായിരുന്നു; അന്ത്യോക്യ സിറിയക്ക് എങ്ങനെ ആയിരുന്നുവോ, കൊരിന്ത് ഗ്രീസിനു എങ്ങനെ ആയിരുന്നുവോ, ഇറ്റലിക്കും പാശ്ചാത്യർക്കും റോം എങ്ങനെ ആയിരുന്നുവോ, അങ്ങനെ ആയിരുന്നു പാശ്ചാത്യ ആസ്യാ ഭൂഖണ്ഡ ത്തിനു എഫെസൊസ്. എഫെസൊസിലേക്കുള്ള യാത്രയിൽ, അവൻ പെട്ടെന്നു ഗലാത്യയിലും ഫ്രുഗ്യയിലും സന്ദർശിക്കയുായി. കൊരിന്തിൽനിന്നു അന്ത്യോക്യയിലേക്കുള്ള അവന്റെ മടക്ക യാത്രയിൽ പൊതുജനതാല്പര്യം അറിയത്തക്ക കാലം അവൻ എഫെസൊസിൽ താമസിക്കയും, അക്വില്ലാവിനെയും പ്രിസ്കില്ലയെയും അവിടെ വിട്ടിട്ടു പോകയും ചെയ്തു. അവന്റെ അസാന്നിദ്ധ്യത്തിൽ ഒരുക്കങ്ങൾ നടന്നുകൊിരുന്നു. യോഹന്നാന്റെ സ്നാനത്തെ മാത്രം അറിഞ്ഞിരുന്ന അലെക്സന്ത്രിയക്കാരനും, വാഗ്വൈഭവവുമുള്ള അപ്പൊല്ലൊസ് എഫെസൊസിൽ ശക്തിയോടെ പ്രസംഗിച്ചുവന്നിരുന്നു. അക്വില്ലയും പ്രിസ്കില്ലയും സുവിശേഷം കൂടുതൽ അവനു സ്പഷ്ടമാക്കി കൊടുത്തു. അപ്പൊല്ലൊസ് പിന്നെ കൊരിന്തിലേക്ക് പോയി, പൗലൊസിനോടുകൂടെ വിജയകരമായി പ്രവർത്തിച്ചുപോന്നു (*ഒവാ.* പ്രവൃത്തികൾ 18:27; 1 കൊരി. 3:4-7). എഫെസൊസിലെത്തിയശേഷം മൂന്നു മാസങ്ങളോളം പൗലൊസ് പള്ളിയിൽ ചെന്നു പ്രസംഗിച്ചു. പിന്നെ യെഹൂദന്മാരുമായുള്ള ബന്ധം വിഛേദിക്കുവാൻ അവൻ നിർബ്ബന്ധിതനായതുകൊ്, ക്രിസ്ത്യാനികളെ ഒരു പ്രത്യേക സമൂഹമായി രൂപപ്പെടുത്തി. പൗലൊസ് ആസ്യയിലെ യെഹൂദന്മാരും യവനന്മാരുമടങ്ങുന്ന പുരുഷാരത്തോടു, രു സംവൽസരം ദിവസേന തുറന്നൊസിന്റെ പാഠശാലയിൽ പ്രസംഗിച്ചുവന്നു. പൗലൊസിന്റെ ശക്തമായ പ്രസംഗത്തിന്റെ ഫലമായി ഡയാന ദേവതയുടെ വെള്ളിരൂപമുാക്കിയിരുന്നവർക്കു അവരുടെ തൊഴിൽ തന്നെ നഷ്ടമായി. വെള്ളിയിൽ ജോലി ചെയ്തിരുന്ന നട്ടാന്മാരുടെ സംഘം പൗലൊസിനു കുഴപ്പമുാക്കി. പൗലൊസ് ദീർഘകാലം എഫെസൊസിൽ താമസിച്ചപ്പോഴായിരിക്കാം കൊരിന്ത് സന്ദർശിച്ചത് (2 കൊരി. 12:14; 13:1). അവൻ 1 കൊരിന്ത്യർക്കുള്ള ലേഖനവും എഴുതി (*ഒ.വാ.*1 കൊരി. 16:5-9; പ്രവൃത്തികൾ 19:20, 21; 20:1). അവരും അവനു ഒരു എഴുത്ത് എഴുതിയിരുന്നു (1 കൊരി. 7:1), അവൻ അവർക്കും ഒന്ന് എഴുതിയിരുന്നു (1 കൊരി. 5:9), അതു രും നമുക്ക് കിട്ടിയിട്ടില്ല.

**2. മക്കെദൊന്യയിലും അഖായയിലും നടത്തിയ രാമത്തെ സന്ദർശനം.** – ഒരിക്കൽകൂടെ അയേഗ്യ കടന്നു, പൗലൊസ് രാമത്തെ യൂറോപ്യൻ സന്ദർശനം നടത്തി, അതിന്റെ വിവരണങ്ങൾ കുറച്ചു മാത്രമേ നമുക്കുള്ളൂ. 2 കൊരി. 1:8-10 ഉം 2:12, 13 ഉം പ്രവൃത്തികൾ 20:2-മായി താരതമ്യം ചെയ്താൽ, കൊരിന്ത്യർക്കുള്ള രാം ലേഖനം മക്കെദൊന്യയിലേക്കുള്ള യാത്രയിൽ എപ്പോഴോ എഴുതിയതാണെന്നു മനസിലാകും. കൊരിന്തിൽ എത്തി മൂന്നു മാസത്തോളം അവൻ അവിടെത്തന്നെ ആയിരുന്നു. ആ സമയത്താണ് അവൻ റോമർക്കു ലേഖനം എഴുതിയത് (ഒ.വാ. റോമർ 15:25, 26; പ്രവൃത്തികൾ 20:3, 4; 24:17), ഒരു പക്ഷെ അതു കെങ്ക്രയ സഭയിലെ ഫേബ

യുടെ കയ്യിൽ കൊടുത്തയച്ചിരിക്കാം (റോമർ 16:1). ആ കാലത്ത് എപ്പോഴോ ആയിരിക്കാം ഗലാത്യ ലേഖനം എഴുതിയത്; അതു ഒരുപക്ഷെ മുമ്പു എഫെ സൊസിൽ വെച്ചോ അല്ലെങ്കിൽ കൊരിന്തിൽ വെച്ച് എഴുതിയതോ ആകാം.

3. **ധർമ്മശേഖരം.** – യെഹൂദന്മാരും യവനന്മാരും തമ്മിലുള്ള വേർപാടിന്റെ ചുമർ ഇടിയുന്നതു കാണുവാൻ പൗലൊസ് ആഗ്രഹിച്ചിരുന്നു. അതു ഹൃദയത്തിൽ വെച്ചുകൊാണ് അവൻ പ്രവർത്തിച്ചത്. തന്റെ വലിയ ജീവിതം അതിനായി അവൻ ഉഴിഞ്ഞുവെച്ചു. ആ ഉദ്ദേശത്തിനായി പ്രവർത്തിച്ച ഒരു രീതിയായിരുന്നു യെരുശലേമിലെസഹോദരന്മാരുടെ മുട്ടു തീർക്കുന്നതിനുള്ള ധർമ്മശേഖരം, ഈ സന്ദർശനവേളയിൽ, ജാതികൾക്കിടയിൽനിന്നാണ് അതു തുടങ്ങിയത്. പല ചെറിയ വേദഭാഗങ്ങൾക്കു പുറമെ, രു കൊരിന്ത്യ ലേഖനത്തിലെ എട്ടും ഒമ്പതും അദ്ധ്യായങ്ങളിൽ മുഴുവനും അതിനെകുറിച്ചു തന്നെയാണ് പറയുന്നത്. മക്കെദൊന്യയിലും, അഖായയിലും തുടങ്ങി (*ഒ.വാ.* 1 കൊരി. 16:1–3; ഗലാ.2:10; റോമർ 15:25, 26; പ്രവൃത്തികൾ 24:17); ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലാണ് അതെടുത്തിരുന്നത് (1 കൊരി. 16:1); ഇതിനുള്ള അവന്റെ അപേക്ഷ അവൻ വ്യക്തിപരമായും ലേഖനം മുഖാന്തരമായും നടത്തിയതിനുപുറമെ, ധർമ്മം ശേഖരിക്കുന്നതിനു തിത്തൊസിനെയും മറ്റും ചുമതലപ്പെടുത്തിയിരുന്നു (2 കൊരി. 8:6, 18, 23; 1 കൊരി. 16:3).

4. **സമുദ്രമാർഗമുള്ള മടക്കയാത്ര.** – കൊരിന്തിൽനിന്നു പൗലൊസ് സിറിയയിലേക്കു നേരിട്ടു കടൽയാത്ര നടത്തണമെന്നുദ്ദേശിച്ചു; എന്നാൽ വിവരിക്കുവാൻ അസാധ്യമായ ചില ഗൂഢാലോചനകൾ യെഹൂദന്മാർ നടത്തിയതുകൊു അവൻ തന്റെ യാത്ര മക്കെദൊന്യ വഴി മാറ്റി. പഴയതും പുതിയതുമായ, നല്ല ഒരു സുഹൃത്വലയം, മക്കെദൊന്യയിൽ അവനോടു ചേർന്നു (പ്രവൃത്തികൾ 20:4–6), അവരിൽ ഉൾപ്പെട്ടവരായിരുന്നു തിമൊഥെയൊസും ലൂക്കൊസും. രാമതു പറഞ്ഞവർ വേലനിമിത്തം ഫിലിപ്പിയയിൽ തന്നെ തങ്ങിയിരിക്കാം (പ്രവൃത്തികൾ 16:10, 13, 40; 20:6–ൽ പറഞ്ഞിരിക്കുന്ന "അവർ" എന്നും "ഞങ്ങൾ" എന്നും ഉള്ളതിന്റെ ഉപയോഗങ്ങൾ താരതമ്യപ്പെടുത്തുക). ആ സംഘം ഒരാഴ്ച്ച അത്രോവാസിൽ തങ്ങി, സഹോദരന്മാർ ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാളിൽ കൂടിവന്നപ്പോൾ അവരോടു ചേരുകയും ചെയ്തു (പ്രവൃത്തികൾ 20:7). ആ വേദഭാഗം താഴെ പറയുന്ന വിധത്തിൽ പ്രാധാന്യമുള്ളതാണ് (1) ശിഷ്യന്മാർ ആചരിച്ചിരുന്ന ദിവസം കാണിക്കുന്നു; (2) അതു ആചരിച്ചിരുന്ന രീതി കാണിക്കുന്നു. പൗലൊസിന്റെ പ്രസംഗം കേട്ടിരുന്നു ഉറങ്ങിപോയ യൂത്തികൊസിനെ, പൗലൊസ് ഉയർപ്പിച്ചതു അവിടെ വെച്ചായിരുന്നു. പെന്തെകൊസ്തിൽ യെരുശലേമിൽ എത്തേതുകൊു ധൃതിപിടിച്ച് പൗലൊസ് പോയതുകൊ്, എഫെസൊസിൽ തങ്ങാതെ, എഫെസൊസിലെ മൂപ്പന്മാരെ മിലേത്തൊസിൽ വെച്ച് ക്, അവരോടു അവൻ ഏറ്റവും നല്ല ഒരു പ്രസംഗം നടത്തുകയുായി. അവർ എവിടെയെല്ലാം പോയോ, അവിടെയെല്ലാം അവർ ശിഷ്യന്മാരെ കതു സുവിശേഷം വ്യാപിച്ചതിന്റെ തെളിവായിരുന്നു: ത്രോവാസ്, മിലേത്തോസ്, സോർ, പ്തോലമായിസ്, അവിടെ കടൽയാത്ര അവസാനിക്കുന്നു, കൂടാതെ കൈസര്യയിലും സുവിശേഷം എത്തി. അവിടെ വെച്ചാണ് നമ്മുടെ പഴയ സ്നേഹിതനായ ഫിലിപ്പൊസിനെ കാണുന്നതു (*ഒ.വാ.* പ്രവൃത്തികൾ 8:40), അവന്നു ദൈവശ്വാസിയമായി പ്രവചിക്കുന്ന നാലു പുത്രിമാരുായിരു

ന്നു. യെരുശലേമിൽ ചെന്നാൽ ഉാകുവാനിടയുള്ള അപകടങ്ങളെ, പൗലൊസിനോടു സോരിലും കൈസര്യയിലും മുന്നറിയിച്ചിരുന്നു; എന്നാൽ നാലു വർഷമായി ജാതികളിൽനിന്നു യെഹൂദന്മാരായ സഹോദരങ്ങളക്കു സമാധന കാഴ്ച്ചയായി സമർപ്പിക്കുവാൻ ശേഖരിച്ചുകൊിരുന്ന ധർമ്മശേഖരം, യെരുശലേമിൽ എത്തിക്കുന്ന ദൗത്യത്തിൽനിന്നു അവനെ പിന്തിരിപ്പിക്കുവാൻ അതിനൊന്നിനും കഴിഞ്ഞില്ല.

5. **യെരുശലേമിൽ പൗലൊസിനെ സ്വീകരിക്കൽ**. – പൗലൊസ് പരിവർത്തനം ചെയ്തിട്ട് ഇപ്പോൾ വർഷങ്ങൾ പലതായി. ഒരു ഡസൻ വർഷമായി അവൻ ജാതികളുടെ വലിയ പട്ടണങ്ങളിൽ സുവിശേഷം അറിയിച്ചുകൊിരിക്കയാണ്. രോ മൂന്നോ പ്രാവശ്യം അവൻ യെരുശലേമിലേക്ക് പെട്ടെന്നുള്ള സന്ദർശനം നടത്തുകയുായി. യെരുശലേം മതിൽ തകർക്കുവാൻ പന്ത്രു വർഷത്തിലധികമായി റൈറ്റസ്[4] ശ്രമിച്ചുകൊിരിക്കുകയാണ്. ഒരിക്കൽകൂടെ പൗലൊസ് വരുന്നു; ഇപ്പോൾ രു കാഴ്ച്ചകളുമായാണ് വരുന്നത് – ജാതികളിൽനിന്നു ക്രിസ്ത്യാനികളായവരുടെ ധർമ്മശേഖരവും ദൈവകൃപയുടെ സുവിശേഷവുമായാണ്, അതാണ് സഹായിക്കുവാൻ പ്രചോദനമായത്. അവർ എങ്ങനെ അവനെ കൈക്കൊള്ളും? യാക്കൊബിന്റെ നേതൃത്വത്തിൽ, യെരുശലേം സഭ, അവന്നു ഹാർദ്ദവമായ സ്വീകരണം നല്കി. എല്ലായിടത്തുമെന്നപോലെ അവിടെയും പൗലൊസിന് അപകീർത്തിയാണുായത്. ആ അപകീർത്തി അകറ്റുവാനായി യാക്കൊബിന്റെ നിർദ്ദേശപ്രകാരം, നേർച്ചയുടെ ഭാഗമായി ശുദ്ധിവരുത്തുവാൻ ദൈവാലയത്തിൽ ചെന്നു. അതു സഭയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നു ലൂക്കൊസ് പറയുന്നില്ല. അവിശ്വാസികളായ യെഹൂദന്മാരെ തൃപ്തരാക്കുവാൻ അതൊന്നും സഹായിച്ചില്ല, അവൻ സ്തെഫാനോസിനെ പിടിക്കുവാൻ പ്രേരിപ്പിച്ചതുപോലെ തന്നെ പുരുഷാരം പൗലൊസിനെ പിടിച്ചു.

---

കുറിപ്പുകൾ

[1]പ്രവൃത്തികൾ 13:2. [2]പ്രവൃത്തികൾ 16:9. [3]പ്രവൃത്തികൾ 17:2. [4]റോമിലെ ചക്രവർത്തിയായിരുന്നു റൈറ്റസ് ഫ്ളേവിയസ് വെസ്പേസിയാനസ്.